**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **20-01-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ആരോഗ്യ നിലവാരവും സംരക്ഷണവും വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | അതിഥി തൊഴിലാളികളുടെ ആരോഗ്യ നിലവാരവും സംരക്ഷണവും ഉറപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യവകുപ്പ് തൊഴിൽ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പുമായി ഒത്തു ചേർന്നു പ്രവർത്തിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വർഷം തോറും നടത്തി വരുന്ന "ആരോഗ്യ ജാഗ്രത" കർമ്മ പരിപാടിയിലൂടെ അതിഥി തൊഴിലാളികളുടെ വ്യക്തിശുചിത്വം, അവരുടെ താമസ സ്ഥലത്തെയും, തൊഴിലിടങ്ങളിലെയും പരിസരശുചിത്വം, കുടിവെള്ള ലഭ്യത, മാലിന്യ നിർമ്മാർജ്ജനം, കൊതുക് ഉറവിട നശീകരണം തുടങ്ങിയവ ആരോഗ്യപ്രവർത്തകർ നിരീക്ഷിക്കുകയും വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നുണ്ട്. ഹെൽത്തി കേരള ക്യാമ്പയിന്റെ ഭാഗമായി പൊതുജനാരോഗ്യ നിയമാനുസൃതമായ പരിശോധനകൾ നടത്തിയും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിഥി തൊഴിലാളികൾക്ക് അനുയോജ്യമായ സമയത്ത് അവരുടെ ഭാഷയിൽത്തന്നെ ബോധവത്കരണം നൽകുന്നുമുണ്ട്. കൂടാതെ കോവിഡ് 19 അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നും നിരീക്ഷിച്ചു വരുന്നു. അതിഥി |

| | | | |
|---|---|---|---|
| | | | തൊഴിലാളികളെ സമയബന്ധിതമായി പരിശോധന നടത്തി ഇവർക്ക് ക്ഷയരോഗം, മലമ്പനി, മന്തുരോഗം, കാലഅസർ, കുഷ്ഠരോഗം, എയ്ഡ്സ്, ജലജന്യ രോഗങ്ങൾ, ത്വക് രോഗങ്ങൾ തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്നറിഞ്ഞ് ആവശ്യാനുസരണം സൗജന്യ ചികിത്സയും നൽകി വരുന്നുണ്ട്. കൂടാതെ എട്ടു ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ജെ.എച്ച്.ഐ., ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തി സജ്ജീകരിച്ചിരിക്കുന്ന മൊബൈൽ സർവ്വേ ടീം വഴിയും അതിഥി തൊഴിലാളികളുടെ രോഗപരിശോധനയും ചികിത്സയും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വാർഡ് തലത്തിലും, തദ്ദേശ സ്ഥാപന തലത്തിലും, പ്രാഥമിക / സാമൂഹികാരോഗ്യ കേന്ദ്ര തലത്തിലും, ജില്ലാ / സംസ്ഥാന തലങ്ങളിലും വിലയിരുത്തി വരുന്നുമുണ്ട്. |
| (ബി) | ഇവർ കേരളത്തിൽ ജോലിയ്ക്കെത്തുന്ന അവസരത്തിൽ തന്നെ ആവശ്യമായ പ്രതിരോധ വാക്സിനുകളും മറ്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | ദേശീയ പ്രതിരോധ വാക്സിനേഷൻ പദ്ധതി (Universal Immunization Programme) പ്രകാരമുള്ള വാക്സിനുകൾ എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകൾ നൽകുന്നതിന് പ്രത്യേകമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ